(ഡി) ഉദിക്കുന്നില്ല.

(ഇ) ഈ വർദ്ധനവ് സാധാരണക്കാരെ കോടതി വ്യവഹാരങ്ങളിൽ നിന്നും അകറ്റി നിർത്താൻ ഇടയാക്കുകയില്ല.

(എഫ്) ഈ പ്രശ്നം ഇപ്പോൾ ഉദിക്കുന്നില്ല.

സ്ഥലം വാങ്ങി രജിസ്റ്റർ ചെയ്തതിന് കുറഞ്ഞുപോയ സ്റ്റാമ്പ് ഡ്യൂട്ടിയുടെ 30% കഴിച്ചുള്ള തുക നൽകാൻ നടപടി

25 (1335) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ഥലം വാങ്ങി രജിസ്റ്റർ ചെയ്തതിന് കുറഞ്ഞുപോയ സ്റ്റാമ്പ് ഡ്യൂട്ടിയുടെ 30% തുക അടച്ചാൽ മതിയെന്ന ഉത്തരവ് നിലവിലുണ്ടോ ;

(ബി) ഇതിന് മുൻപ് തവണകളായി അടയ്ക്കാനുള്ള നിർദ്ദേശമനുസരിച്ച് പണമടച്ചവർക്കും 30% തുക കഴിച്ചുള്ള തുകതിരിച്ച് നൽകുന്നതിന് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത തടസ്സം നീക്കി 30% കഴിച്ചുള്ള തുക തിരിച്ച് നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള കോമ്പൗണ്ടിംഗ് പദ്ധതി സംബന്ധിച്ച ഉത്തരവുകളിൽ പണമടച്ചവർക്ക് 30% തുക കഴിച്ചുള്ള തുക തിരിച്ച് നൽകുന്നതിന് വ്യവസ്ഥയില്ല.

(സി) (ബി) വിഭാഗം ചോദ്യത്തിനുള്ള മറുപടിയുടെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ഭവനരഹിതരെ പുനരധിവസിപ്പിക്കുന്നതിന് നടപടി

26 (1336) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് ചേരികളിലും പുറംപോക്കുകളിലുമായി എത്ര ഭവനരഹിതരായ കുടുംബങ്ങൾ അധിവസിക്കുന്നുവെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത് ;

(ബി) ഇവരെ പുനരധിവസിപ്പിക്കുന്നതിന് നിലവിൽ എന്തെല്ലാം പദ്ധതികളാണുള്ളത് ; പ്രസ്തുത പദ്ധതികൾ നിലവിൽ വന്നത് എപ്പോഴാണ് ;

LIBRARY ARCHIVES Kerala Legislative Assembly